പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1974. 06.07.2015 ൽ മറുപടിയ്ക്ക്.

<u>റോഡ് ഗതാഗതവും വാഹനങ്ങളും തമ്മിലുള്ള അനുപാതം</u>

| | ചോദ്യം<br>ശ്രീ. പി.തിലോത്തമൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങളും അവയ്ക്ക് സഞ്ചരിക്കാനുള്ള റോഡുകളും തമ്മിൽ എന്തെങ്കിലും അനുപാതം നിലനിൽക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (എ) | 2014-ലെ കണക്ക പ്രകാരം കേരളത്തിലെ ദേശീയപാതയുടേയും സംസ്ഥാനപാതയുടേയും പ്രമുഖ ജില്ലാ റോഡുകളുടേയും നീളം ഏകദേശം 33368 കി.മീ.യും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ 8547966 എണ്ണവുമാണ്. ഈ കണക്ക് പ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടേയും, അവയ്ക്ക് സഞ്ചരിക്കുവാനുള്ള റോഡുകളും തമ്മിലുള്ള അനുപാതം 1 കി.മീ.ന് 256.2 വാഹനങ്ങൾ ആണ്. |
| (ബി) | സംസ്ഥാന പാതകളിലും ദേശീയ പാതകളിലും ഒരു ചതുരശ്ര കിലോമീറ്ററിൽ ഒരു നിശ്ചിത സമയത്ത് കടന്നുപോകാവുന്ന വാഹനങ്ങളുടെ കണക്ക് ഇനം തിരിച്ച് നൽകാമോ ; | (ബി) | നിരപ്പായ ഭൂപ്രദേശങ്ങളുള്ള റോഡുകളിൽ ഒരു വരിപാതയ്ക്ക് ഒരു ദിവസം 2000 പി.സി.യുവും (പാസഞ്ചർ കാർ യൂണിറ്റ്) ഇരുവരി പാതയ്ക്ക് ഒരു ദിവസം 15000 പി.സി.യുവും നാല് വരിപാതയ്ക്ക് ഒരു ദിവസം 35000 പി.സി.യുവുമാണ് വാഹനശേഷി. നഗരങ്ങളിലെ ഇരുവരി പാതയ്ക്ക് മണിക്കൂറിൽ 1500 പി.സി.യുവും |

| | | | |
|---|---|---|---|
| | | | നാലുവരി പാതയ്ക്ക് മണിക്കൂറിൽ 3600 പി.സി.യുവും വാഹന ശേഷി ഉണ്ട്. |
| (സി) | നിലവിലുള്ള രജിസ്ട്രേഷൻ ക്രമം, വാഹനങ്ങളുടെ പെരുപ്പം എന്നിവ കണക്കിലെടുക്കുമ്പോൾ എത്ര കാലത്തിനുള്ളിൽ നമ്മുടെ റോഡുകൾ അപര്യാപ്തമാകുമെന്ന് വിശദമാക്കാമോ ; | (സി) | റോഡുകൾ രൂപകല്പന ചെയ്ത ട്രാഫിക് വോള്യത്തിനേക്കാൾ നിലവിലെ ട്രാഫിക് വോള്യം ഉയരുമ്പോൾ ട്രാഫിക് ഉൾക്കൊള്ളാൻ നമ്മുടെ റോഡുകൾ അപര്യാപ്തമാകുകയും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യും. നാലുവരി പാത ആക്കിയിട്ടുള്ള ദേശീയപാതയിൽ സുരക്ഷിതവും സുഗമമായ സഞ്ചാരത്തിന് അനുവദനീയമായ ഗതാഗത സാന്ദ്രത 30000 പി.സി.യും ആകയാൽ സംസ്ഥാനത്തെ നിലവിലെ ദേശീയ പാതകൾ വാഹനങ്ങൾക്ക് സുഗമമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിന് അപര്യാപ്തമാണ്. |
| (ഡി) | നിലവിലുള്ള വാഹനപ്പെരുപ്പവും റോഡുകളുടെ പോരായ്മകളും പരിഗണിച്ച് പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് കാലപ്പഴക്കം വന്ന വാഹനങ്ങൾ നിർബന്ധമായി കണ്ടം ചെയ്യുന്നതിനും പ്രസ്തുത വാഹനങ്ങൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുക വാഹന കമ്പനികളിൽ നിന്നും ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (ഡി) | കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ഒരു സ്വകാര്യ വാഹനത്തിന് നൽകുന്ന പതിനഞ്ച് വർഷത്തെ രജിസ്ട്രേഷൻ കാലാവധി വാഹനം ഉപയോഗയോഗ്യമാണെങ്കിൽ വീണ്ടും പുതുക്കി നൽകാവുന്നതാണ്. (ഒരു തവണ 5 വർഷം എന്ന കണക്കിൽ). ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളിടത്തോളം കാലം റോഡിൽ ഉപയോഗിക്കാവുന്നതാണ്. കണ്ടം ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് ഇൻഷ്വർ ചെയ്യപ്പെടുന്ന തുക വാഹന കമ്പനികളിൽ നിന്നും ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഋ) | വാഹനങ്ങൾ ക്രമാതീതമായി പെരുകുന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ റോഡുകളുടെ സൗകര്യം കൂട്ടണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ? | (ഋ) | നിലവിലെയും ഭാവിയിലെയും ഗതാഗത സാന്ദ്രത കണക്കിലെടുത്താണ് ദേശീയ പാതകളുടേയും സംസ്ഥാന പാതകളുടേയും വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരമുള്ള വികസനം പൂർത്തിയാകുമ്പോൾ സുഗമവും സുരക്ഷിതവുമായ വാഹനഗതാഗതം സാധ്യമാകുന്നതാണ് എന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.